**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1005** **10-06-2021 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ പനമ്പറ്റ പാലം അപ്രോച്ച് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ കുട്ടിലങ്ങാടി പടിഞ്ഞാറ്റുംമുറി പനമ്പറ്റ പാലം അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുനൽകിയവർക്ക് ആകെ എത്ര തുകയുടെ നഷ്ടപരിഹാരം നൽകാൻ നിശ്ചയിച്ചിട്ടുണ്ട്; | (എ) | മലപ്പുറം ജില്ലയിൽ ആനക്കയം, കുട്ടിലങ്ങാടി വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയ 23 ഭൂഉടമകൾക്ക് 67,55,459/- രൂപ (അറുപത്തിയേഴ് ലക്ഷത്തി അൻപത്തി അയ്യായിരത്തി നാനൂറ്റി അൻപത്തി ഒമ്പത് രൂപ മാത്രം) നഷ്ടപരിഹാരം നൽകുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്ക് നാളിതുവരെയായി നഷ്ടപരിഹാരം നൽകിയിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഭൂവുടമകൾ വളരെയധികം പ്രയാസങ്ങൾ അനുഭവിയ്ക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; യഥാസമയം നഷ്ടപരിഹാരം വിതരണം ചെയ്യാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 02/07/2019 തീയതിയിലെ LA2-76114/12 നമ്പർ നടപടിക്രമം പ്രകാരം 67,55,459/- രൂപയുടെ വിശദവില വിവര പട്ടിക ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. അത് പ്രകാരം ഭൂ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിനായി അർത്ഥനാധികാരിക്ക് യഥാസമയം നിർദ്ദേശം നല്കിയിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാകാത്തതിനാലാണ് ഭൂഉടമകൾക്ക് നഷ്ടപരിഹാരം നൽകുവാൻ കഴിയാത്തത്. |
| (സി) | സ്ഥലം വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറക്ക് ഭൂ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ